**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3146** **25-10-2021 - ൽ മറുപടിയ്ക്ക്**

**ആനുകാലിക വിദ്യാഭ്യാസ വിഷയങ്ങളിൽ ഗവേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എച്ച്. സലാം** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അദ്ധ്യാപകരെ ഗവേഷകരാക്കി മാറ്റുന്നതിനുതകുന്ന കർമപരിപാടികൾക്ക് അക്കാദമിക തലത്തിൽ രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഗവേഷണത്തിൽ തൽപരരായ അധ്യാപകരെ അതിന് സഹായിക്കുന്ന വിധത്തിൽ "അദ്ധ്യാപകരുടെ വ്യക്തിഗത ഗവേഷണം" എന്ന പേരിൽ ഒരു പ്രോജക്ട് എസ്.സി.ഇ.ആർ.ടി-യിൽ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ നടത്തുവാനായി സ്കൂൾ-കോളേജ് അധ്യാപകർക്ക് ഈ പ്രോജക്ടിലൂടെ അവസരം നൽകുന്നുണ്ട്. |
| (ബി) | ഗവേഷണ തല്പരരായ അദ്ധ്യാപകരിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക, അക്കാദമിക സഹായങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | സ്കൂൾ, കോളേജ് തലത്തിലുള്ള അധ്യാപകരുടെ ഗവേഷണാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രൊപ്പോസലുകൾ ക്ഷണിക്കുകയും സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ വിദഗ്ധസമിതി പരിശോധിച്ച് അതിൽ നിന്നും തെരഞ്ഞെടുത്തവ അവതരണത്തിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. ആയതിൽ നിന്നും എസ്.സി.ഇ.ആർ.ടി യുടെ റിസർച്ച് കമ്മിറ്റി മികച്ചവ തെരഞ്ഞെടുത്ത് അക്കാദമികവും സാമ്പത്തികവുമായ സഹായം നൽകി വരുന്നുണ്ട്. |
| (സി) | ആനുകാലിക വിദ്യാഭ്യാസ വിഷയങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. പ്രസ്തുത വിഷയങ്ങളിൽ ഗവേഷണ പ്രൊപ്പോസലുകൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കി റിസർച്ച് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്നു. കൂടാതെ, ഇതര വിദ്യാഭ്യാസ ഏജൻസികളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരുവനന്തപുരം സർക്കാർ വനിതാ കോളേജുമായി ചേർന്ന് "കോവിഡ് കാലത്തെ കുട്ടികളുടെ മനോ-സാമൂഹിക അവസ്ഥ" എന്ന വിഷയത്തിൽ എസ്.സി.ഇ.ആർ.ടി ഒരു ഗവേഷണ പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്, |

സെക്ഷൻ ഓഫീസർ